പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 4935 — 21.10.2011-ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.ജി.സുധാകരൻ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) 2011-12-ൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾക്കായി ലഭിച്ച പ്രൊപ്പോസലുകൾ എത്ര കോടിയുടേതാണ്; | (എ) 2011-12 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾക്കായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ നിന്നും 130 കോടിയോളം രൂപയുടെ പദ്ധതികളാണ് ലഭിച്ചത്. |
| (ബി) ഇതിനകം എത്ര പദ്ധതികൾക്ക് സർക്കാർ അംഗീകാരവും ഗ്രാൻറും നൽകുകയുണ്ടായി;<br>(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; | (ബി) & (സി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കായി 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 54.10 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽനിന്നും ധനസഹായം അനുവദിക്കുന്നതിനായി സ്ഥാപനങ്ങൾ സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് ഇതിനോടകം 21.60 കോടി രൂപ വർക്കിംഗ് ഗ്രൂപ്പ് അനുവദിച്ച് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) റിയാബ് ഈ പദ്ധതിയെക്കുറിച്ച് പഠിച്ച് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; അത് പ്രകാരം കമ്പനികൾക്ക് നൽകേണ്ടതായ മൊത്തം തുക എത്ര കോടിയായിരുന്നുവെന്ന് അറിയിക്കുമോ? | (ഡി) ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ വകുപ്പ് തലത്തിൽ നടത്തുന്ന മുൻഗണനയുടെ അടിസ്ഥാനത്തിൽ ഓരോ നിർദ്ദേശങ്ങളും റിയാബ് പരിശോധിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയാണ് ചെയ്യുവരുന്നത്.<br>**RIAB** നൽകിയ റിപ്പോർട്ട് അനുസരിച്ചാണ് സ്ഥാപനങ്ങൾക്ക് 21.60 കോടി രൂപ അനുവദിച്ചിരിക്കുന്നത്. ബാക്കിയുള്ള തുക അനുവദിക്കാനായി പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ